സർവ്വീസ് നടത്തിവന്ന ബസ്സുകളുടെ ലേലം

50 [537] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന 954 ബസ്സുകൾ ലേലം ചെയ്തു കൊടുത്തതിന്റെ ഫലമായി യാത്രാക്ലേശം വർദ്ധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ്സുകൾ ലേലം ചെയ്തു കൊടുക്കാനുണ്ടായ കാരണം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എന്തുവിലയ്ക്കാണ് ഓരോ ബസ്സും ലേലം ചെയ്തു കൊടുത്തതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ സ്റ്റേറ്റ്മെന്റ് നൽകാമോ;

(ഡി) ഇത്രയും ബസ്സുകൾ ലേലം ചെയ്തുകൊടുത്തത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പഴക്കംചെന്ന ബസ്സുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് വർക്ക്സ് മാനേജർമാർ പൂർണ്ണമായി പരിശോധിക്കുകയും തുടർന്നുള്ള അവയുടെ പ്രവർത്തനം ലാഭകരമല്ലെന്ന് ബോദ്ധ്യപ്പെട്ടശേഷം മേലധികാരിയുടെ ശുപാർശ അടക്കം, പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട റീജിയണൽ വർക്ക്ഷോപ്പിൽ സമർപ്പിച്ചതിനുശേഷമാണ്, പഴക്കം ചെന്ന ബസ്സുകൾ ലേലം ചെയ്തു വിൽപ്പന നടത്തുന്നത്. സാധാരണയായി 10 ലക്ഷം കിലോമീറ്റർ ഓടിയിട്ടുള്ളതോ 10 വർഷം പഴക്കം ചെന്നതോ ആയ ബസ്സുകളാണ് ലേലംചെയ്തു കൊടുക്കുന്നത്. അപ്രകാരം പഴക്കംചെന്ന ബസ്സുകളിൽനിന്നും ഉപയോഗയോഗ്യമായ വിലപിടിപ്പുള്ള സ്പെയർ പാർട്സുകൾ മാറ്റംചെയ്തതിനു ശേഷമാണ് ലേലം നടത്താറുള്ളത്. ഇപ്രകാരം ചെയ്യുന്നതുമൂലം നിലവിലുള്ള ബസ്സുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ധാരാളം സ്പെയർ പാർട്സുകൾ ലഭിക്കുന്നുണ്ട്. അങ്ങനെ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനുള്ള തുകയിലും കുറവു വരാറുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1180 ബസ്സുകൾ ലേലം ചെയ്തുകൊടുക്കുകയുണ്ടായി. ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമാണ് ബസ്സുകൾ ലേലം ചെയ്തുകൊടുത്തതെന്നും ഓരോ ബസ്സും എന്തു തുകയ്ക്കാണ് ലേലത്തിൽ പോയതെന്നുമുള്ള വിവരം ശേഖരിച്ചശേഷം വിശദമായ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നൽകുന്നതാണ്.

(ഡി) ബസ്സുകൾ ലേലം ചെയ്തുകൊടുക്കുന്നതിനെ സംബന്ധിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ അന്വേഷണം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly